**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 596** | **23-02-2022 - ൽ മറുപടിയ്ക്ക്**

**ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പുനരുദ്ധാരണ പാക്കേജിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം പ്രവർത്തനമില്ലാതെ കിടക്കുന്നതിനാൽ ടി സ്ഥലത്ത് സാമൂഹ്യ വിരുദ്ധ ശല്യം രൂക്ഷമാണെന്നും ആയതിനാൽ സംഘം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആറ്റിങ്ങൽ മുൻസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംഘം പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി സംഘം ഭരണസമിതിയോട് കൈത്തറി ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ സംഘം ഭാരവാഹികളുമായി ചർച്ച നടത്തി നിലവിലുള്ള പദ്ധതികൾ പ്രകാരം സംഘം പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ